# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 374
# 03/03/2020 ലെ മറുപടിക്ക്

<u>ആസ്തി വികസന പദ്ധതി</u>

| | ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ഗവൺമെന്റ് സ്കൂളുകൾക്ക് ബസുകൾ വാങ്ങുന്നതിനായി അനുമതി ലഭിച്ചിട്ടും പ്രസ്തുത ബസുകൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി ലഭിച്ച ശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ ആണ്. വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിലവിലെ സ്റ്റോർസ് പർച്ചേസ് ചട്ടങ്ങൾ ഇതിനായി പാലിക്കേണ്ടതുണ്ട്. സ്കൂൾ ബസ് വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നിയന്ത്രണാധികാരിയായി ഒരു പുതിയ ശീർഷകം ആരംഭിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പാണ് ഈ ശീർഷകത്തിൽ നിന്നും അലോട്ട്മെന്റുകൾ നൽകുന്നത്. ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി അധിക ധനാനുമതിയിലൂടെ തുക വകയിരുത്തുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | |
| (സി) | എറണാകുളം ജില്ലാകളക്ടറുടെ 11/11/2019-ലെ ആർ.ഡി. 1186/2019 നം ഉത്തരവ്, 28/12/2019-ലെ ആർ.ഡി.ഐ.1460/2019 നം ഉത്തരവ് എന്നിവ പ്രകാരം യഥാക്രമം പാലിശേരി ഗവൺമെന്റ് ഹൈസ്കൂളിനും നിലീശ്വരം ഗവൺമെന്റ് എൽ.പി സ്കൂളിനും അനുവദിച്ച ബസുകൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | കാലതാമസം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ